(ബി) വിദേശത്തേക്ക് കടന്ന ഒന്നാം പ്രതിയുടെ പാസ്പോർട്ട് സംബന്ധമായ വിവരങ്ങൾ കിട്ടാനായി പാസ്പോർട്ട് ഓഫീസിലേക്ക് അപേക്ഷ കൊടുത്തിട്ടുണ്ട്. അന്വേഷണത്തിൽ ടിയാന്റെ വീട് ടിയാന്റെയും ഭാര്യയുടെയും പേരിലാണ് എന്ന് മനസ്സിലായതിനാൽ ടി സ്വത്ത് കണ്ടുകെട്ടാനായി ബഹു. കോടതിക്ക് അപേക്ഷ നല്കിയിട്ടുണ്ട്. വിദേശത്തെ അഡ്രസ് കണ്ടെത്താൻ അപേക്ഷ നല്കിയിട്ടുണ്ട്. അഡ്രസ് ലഭ്യമാകുന്നമുറയ്ക്ക് ടിയാനെ സ്വദേശത്തേക്ക് കൊണ്ടുവരുന്നതിനായി നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ടിയാനെ കണ്ടെത്തി വിവരം അറിയിക്കാനായി ലുക്ക് ഔട്ട് നോട്ടീസ് എയർപോർട്ട് എമിഗ്രേഷൻ വിംഗിന് നൽകിയിട്ടുണ്ട്.

എസ്. സൈമൺന്റെ മരണത്തെക്കുറിച്ച് ഭാര്യ ശ്രീമതി രാജം നൽകിയ പരാതി

94 [95] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിൽ കരുംകുളം വില്ലേജിൽ പുതുയതുറ പൊടുവൽ കോളനിയിൽ താമസിക്കുന്ന ശ്രീമതി രാജം തന്റെ ഭർത്താവ് എസ്. സൈമൺ 2003 ഒക്ടോബർ 28-ാം തീയതി ചൊവ്വാഴ്ച ജുഡീഷ്യൽ കസ്റ്റഡിയിൽ മരണപ്പെട്ടത് സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് ഒരു പരാതി സമർപ്പിച്ചിരുന്നോ;

(ബി) എങ്കിൽ പരാതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) സമർപ്പിച്ചിരുന്നു.

(ബി) 25-10-2003 ശനിയാഴ്ച ഉച്ചയോടെ കാഞ്ഞിരംകുളം എ. എസ്. ഐ യും 3 പോലീസുകാരും മരപ്പാലത്തുള്ള കള്ളുഷാപ്പ് നടത്തുന്ന കോൺട്രാക്റ്ററുടെ മൂന്ന് ഗുണ്ടകളും ചേർന്ന് വീട്ടിൽ ഉറങ്ങിക്കിടക്കുന്ന സൈമണെ പിടിച്ചുവലിച്ച് ദേഹോപദ്രവം ഏൽപ്പിച്ച് സ്റ്റേഷനിൽ കൊണ്ടുപോകുകയും അബ്കാരി കേസിൽ കുടുക്കി റിമാന്റ് ചെയ്ത്, ജുഡീഷ്യൽ കസ്റ്റഡിയിൽ ഇരിക്കുമ്പോൾ 28-10-2003-ൽ സൈമൺ മരണപ്പെട്ടുവെന്നും പോലീസുകാരും ഗുണ്ടകളും ചേർന്ന് സൈമണെ ദേഹോപദ്രവ മേൽപ്പിച്ചുവെന്നും, ജയിൽ അധികൃതർ യഥാസമയം ചികിൽസ നൽകാത്തതിനാലാണ് സൈമൺ മരണപ്പെട്ടതെന്നും കുറ്റക്കാരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കണ മെന്നുമാണ് പരാതിയിൽ പറഞ്ഞിട്ടുള്ളത്.

(സി) പരാതിയിൻമേൽ പൂവാർ സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly